ഉത്തരം

(എ) ഉണ്ട്. മാലിന്യ വിമുക്തമായ കേരളം ലക്ഷ്യംവച്ചുകൊണ്ട് തുടക്കമിട്ട ക്ളീൻ കേരള പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

(ബി) ക്ളീൻ കേരള പദ്ധതി പ്രകാരം കേരളത്തിലെ നഗരസഭകളിൽ ഖര മാലിന്യ സംസ്ക്കരണ പ്ളാന്റുകൾ സ്ഥാപിക്കൽ, രാത്രികാല ശുചീകരണം, 30 മൈക്രോണിൽ താഴെ കട്ടിവരുന്ന പ്ളാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം, പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ബിന്നുകൾ സ്ഥാപിക്കൽ, പൊതു സ്ഥലങ്ങളിൽ ചവർ നിക്ഷേപിക്കുന്നവർക്കെതിരെ നടപടിയെടുക്കൽ എന്നിവ ചെയ്തുവരുന്നു. കൂടാതെ നഗരങ്ങളിലെ പ്രധാനപ്പെട്ട റോഡുകൾ ചവർ വിമുക്ത മേഖലയായി പ്രഖ്യാപിച്ച് പരിപാലിച്ചുവരുന്നു.

(സി ആന്റ് ഡി) കോഴിക്കോട് നഗരസഭയിൽ ഖരമാലിന്യ സംസ്കരണ പ്ളാന്റിന് കേന്ദ്ര ഗവൺമെന്റിന്റെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും സംയുക്തമായ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

കോട്ടുളി-സിവിൽ സ്റ്റേഷൻ റോഡിന്റെ അക്വിസിഷൻ നടപടി

131 [1607] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജകമണ്ഡലത്തിൽപ്പെട്ട എം.എൽ.എ. റോഡായ കോട്ടുളി-സിവിൽ സ്റ്റേഷൻ റോഡിന്റെ അക്വിസിഷൻ നടപടികൾ ത്വരിത പ്പെടുത്താൻ കോഴിക്കോട് കോർപ്പറേഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിന്റെ അക്വിസിഷന് ആവശ്യമായ ഫണ്ട് കോഴിക്കോട് കോർപ്പറേഷൻ നീക്കി വച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അക്വിസിഷനു വേണ്ട ഫണ്ട് നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടുളി-സിവിൽ സ്റ്റേഷൻ റോഡ് വീതി കൂട്ടുന്നതിന് സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് അക്വിസിഷൻ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്. എന്നാൽ ഭൂമി മുൻകൂറായി ഏറ്റെടുത്ത നടപടി നിയമാനുസൃതമല്ലെന്ന കാരണത്താൽ ഡ്രാഫ്റ്റ് ഡിക്ളറേഷൻ അംഗീകരിക്കാതെ അക്വിസിഷൻ നടപടി ലാപ്സ് ആയിയെന്ന കാരണത്താൽ 4 (1) നോട്ടിഫിക്കേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും നൽകേണ്ടതിനാൽ പുതിയ അലൈൻമെന്റ് തയ്യാറാക്കി ടൗൺ പ്ളാനിംഗ് കമ്മിറ്റിയുടെ ശുപാർശയോടെ കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. കോട്ടുളി-സിവിൽ സ്റ്റേഷൻ റോഡിന്റെ ഒരു ഭാഗം എൽ.എ. തഹസിൽദാരുടെ അനുമതിയോടെ അഡ്വാൻസ് ആയി ഏറ്റെടുത്ത് പൊതുമരാമത്തിനെ ഏല്പിച്ച് റോഡാക്കി മാറ്റിയിട്ടുണ്ട്.

(ബി ആന്റ് സി) ഉണ്ട്. അക്വിസിഷന് വേണ്ടി ഫണ്ട് നീക്കി വയ്ക്കുകയും 2000-2001 ജനകീയാസൂത്രണ പദ്ധതി പ്രകാരം 20,40,000 രൂപയുടെ ട്രഷറി ചെക്ക് ജില്ലാ കലക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെക്ക് ഇതുവരെ ട്രഷറിയിൽ നിന്നും മാറുവാൻ സാധിച്ചിട്ടില്ലായെന്ന കാരണത്താൽ തഹസിൽദാർ തിരിച്ചയച്ചിരിക്കുകയാണ്. ഇത് മാറി കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

മുരിക്കാശ്ശേരി-മുങ്ങാപ്പാറ-കള്ളിപ്പാറ-കൊന്നയ്ക്കാമാലി-മേലെ ചിന്നാർ നബാർഡ് റോഡ് പണി

132 [1608] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ പണി ആരംഭിച്ച ആർ.ഐ.ഡി.എഫ്. IV-ൽ പെട്ട മുരിക്കാശ്ശേരി-മുങ്ങാപ്പാറ-കള്ളിപ്പാറ-കൊന്നയ്ക്കാമാലി-മേലെചിന്നാർ നബാർഡ് റോഡ് പണിയ്ക്ക് എന്നാണ് സർക്കാർ ടെണ്ടർ നൽകിയത്;

(ബി) ഈ പണി 1-8-2000-ൽ ആരംഭിച്ച കാര്യം സർക്കാരിന് അറിവുണ്ടോ;

(സി) നബാർഡ് സ്കീമിൽപ്പെടുത്തി പണി ആരംഭിച്ചപ്പോൾ ഇത് പൂർത്തീകരിക്കേണ്ട സമയം ടെണ്ടർ സമയത്ത് കോൺട്രാക്ടറെ അറിയിച്ചിരുന്നുവോ;

(ഡി) എങ്കിൽ എന്നായിരുന്നു പണി പൂർത്തിയാക്കേണ്ടിയിരുന്നത്;

(ഇ) കോൺട്രാക്ടർ രേഖാമൂലം അപേക്ഷിച്ചതു പ്രകാരം ഏതെങ്കിലും സർക്കാർ ഡിപ്പാർട്ട്മെന്റ് ഈ പണിക്ക് കൂടുതൽ സമയം നൽകിയിരുന്നവോ;

(എഫ്) ഈ റോഡ് പണി നടക്കുന്ന സ്ഥലത്ത് വർക്ക് ഏറ്റെടുത്ത കോൺട്രാക്ടർ വരുന്നില്ലായെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കുത്തനെ കയറ്റം ഉള്ള ഈ റോഡിന്റെ കയറ്റം എത്ര കണ്ട് കുറച്ച് പണി പൂർത്തിയാക്കാനാണ് ടെണ്ടറിൽ വ്യവസ്ഥ ചെയ്തിരുന്നത്;

(എച്ച്) എവിടെയെല്ലാം സൈഡ്വാൾ കെട്ടാനും ഓടകളും കലുങ്കുകളും നിർമ്മിക്കാനുമാണ് ടെണ്ടറിൽ വ്യവസ്ഥ ഉണ്ടായിരുന്നത്;

(ഐ) ടെണ്ടറിലെ വ്യവസ്ഥ പ്രകാരമാണോ ഇപ്പോൾ പണി നടക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly